## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 203 — 04.10.2011-ൽ മറുപടിക്ക്.

## കൊച്ചി - കോയമ്പത്തൂർ വ്യവസായ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയിലൂടെ സർക്കാർ എന്താണ് വിഭാവനം ചെയ്തിട്ടുള്ളത് ; | (എ) കൊച്ചിയിലും കോയമ്പത്തൂരിലുമുള്ള വ്യവസായ മുന്നേറ്റം ഉപയോഗപ്പെടുത്തികൊണ്ട് എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളുടെ വികസനവും വ്യവസായവൽക്കരണവുമാണ് കൊച്ചി-കോയമ്പത്തൂർ വ്യവസായ കോറിഡോർ പദ്ധതിമൂലം ലക്ഷ്യമിടുന്നത്. വ്യവസായ ഇടനാഴിയിലൂടെ കേരളത്തിന്റെ വ്യാവസായിക വാണിജ്യ, അടിസ്ഥാന സൗകര്യ മേഖലകളിൽ വൻ കുതിപ്പാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് ഉൽപ്പാദന, സേവന മേഖലകളിൽ വൻ മുതൽ- -മുടക്കും അതുവഴി തൊഴിൽ സാധ്യതകളും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കൊച്ചി ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ, എൽ.എൻ.ജി ടെർമിനൽ, ഗെയ്ൽ പൈപ്പ് ലൈൻ എന്നീ വൻകിട പദ്ധതികൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നത് ലക്ഷ്യമാക്കിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തു തുകയുടെ നിക്ഷേപ സാദ്ധ്യതയാണ് പ്രതീക്ഷിക്കുന്നത് ; | (ബി) ഈ പദ്ധതിയിലൂടെ 12,000 കോടി രൂപയുടെ നിക്ഷേപം ഭൂമി, അടിസ്ഥാന സൗകര്യം എന്നീ മേഖലകളിൽ പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിലൂടെ 1,00,000 കോടി രൂപയുടെ വ്യവസായ നിക്ഷേപ സാധ്യതകളും പ്രതീക്ഷിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഭൂലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ? | (സി) ഇല്ല.<br>14 നോഡുകളിലായി 10000 ഏക്കർ ഭൂമിയുടെ മൊത്തം ആവശ്യമാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ